മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നിർദ്ധനരായ രോഗികൾക്ക് അനുവദിക്കുന്ന ധനസഹായം

78(789) ശ്രീ. കെ.എ. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ രോഗികളുടെ ചികിൽസയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇപ്പോൾ അനുവദിക്കുന്ന പരമാവധി സാമ്പത്തിക സഹായം എത്രയാണ്;

(ബി) പ്രസ്തുത തുക രോഗികളുടെ ചികിൽസയ്ക്കായി മതിയാകുന്നില്ല എന്ന വസ്തുത ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ടോ;

(സി) എങ്കിൽ ഈ ഇനത്തിൽ നൽകി വരുന്ന സാമ്പത്തിക സഹായത്തിനുള്ള തുക വർദ്ധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വാർഷിക വരുമാനം 20.000/- രൂപയിൽ കുറവുള്ള നിർദ്ധനരായ രോഗികൾക്ക് സാധാരണ രോഗത്തിന് 2000/- രൂപയും ക്യാൻസർ, ഹൃദ്രോഗം, ഡയാലിസിസ് ആവശ്യമായ വൃക്കരോഗങ്ങൾ എന്നിവക്ക് പരമാവധി 5000/- രൂപയും ആണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇപ്പോൾ അനുവദിക്കുന്ന ധനസഹായം

(ബി) ഉണ്ട്.

(സി) വർദ്ധിച്ചു വരുന്ന അപേക്ഷകരുടെ എണ്ണവും ഫണ്ടിന്റെ അപര്യാപ്തതയും കാരണം ധനസഹായം വർദ്ധിപ്പിക്കുവാൻ ബുദ്ധിമുട്ടുണ്ട്.

ഐ.എം.ജി. ജീവനക്കാരുടെ യു.ജി.സി. ശമ്പളവും അലവൻസും

79 (790)ശ്രീ. വി ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എം.ജി. അക്കാദമിക് ജീവനക്കാർക്ക് യു.ജി.സി. നിരക്കിലാണോ ശമ്പളവും മറ്റ് അലവൻസുകളും നൽകുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ എന്ന് മുതൽക്കാണ് പ്രസ്തുത വിഭാഗം ജീവനക്കാർക്ക് യു.ജി.സി. നിരക്കിലുള്ള ശമ്പളം നൽകിക്കൊണ്ട് ഉത്തരവായിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വിഭാഗം ജീവനക്കാർക്ക് കേന്ദ്ര നിരക്കിലുള്ള ക്ഷാമബത്തയാണോ നൽകിവരുന്നത്; ക്ഷാമബത്ത അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന ഉത്തരവ് നിലവിലുണ്ടോ; എത്ര ഗഡു ക്ഷാമബത്ത ഈ വിഭാഗം ജീവനക്കാർക്ക് നൽകാനുണ്ട് എന്നു വെളിപ്പെടുത്തുമോ;

(ഡി) ഐ.എം.ജിയിലെ അക്കാദമിക് ജീവനക്കാർക്ക് കേന്ദ്ര നിരക്കിലുള്ള ക്ഷാമബത്ത നൽകുന്നതിനുള്ള കാലതാമസം സർക്കാർ പുറപ്പെടുവിച്ച 13.6.1998-ലെ 19286/ഇ/97/പി.ആന്റ് എ.ആർ.ഡി എന്ന സർക്കുലർ കാരണമാണോ സംജാതമായിട്ടുള്ളത്. എങ്കിൽ ഈ സർക്കുലർ പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly